**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 38 — 28.02.2017 -ൽ മറുപടിക്ക്

**<u>ഉത്തരവാദിത്ത ടൂറിസം പദ്ധതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. ശശീന്ദ്രൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. വി. ജോയി<br>ശ്രീ. കെ.ജെ. മാക്സി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) 2007 ൽ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം പദ്ധതിയെക്കുറിച്ച് അവലോകനം നടത്തിയിരുന്നോ യെന്നും പദ്ധതി സംബന്ധിച്ച് മുംബൈ ഐ.ഐ.റ്റി.യുടെ പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെ യാണെന്നും വിശദമാക്കുമോ; | എ) അവലോകനം നടത്തിയിട്ടുണ്ട്. മുംബൈ ഐ.ഐ.റ്റി യുടെ പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഈ പദ്ധതി വ്യാപിപ്പിക്കാൻ പരിപാടിയുണ്ടോ; വിശദമാക്കുമോ; | ബി) ഉത്തരവാദിത്ത ടൂറിസം പദ്ധതി ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട 7 ഡെസ്റ്റിനേഷനുകളിലാണ് നടന്നു വരുന്നത്. ഇത് സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ച് വരികയാണ്. കേരളത്തിലെ 50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉത്തരവാദിത്ത ടൂറിസം വിപുലീകരണ |

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'ദൈവത്തിന്റെ സ്വന്തം നാട്, ജനങ്ങളുടെ സ്വന്തം ടൂറിസം ' പദ്ധതിയിൽ ഉൾപ്പെടുത്തി 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുവാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി 7 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം നടന്നു വരുന്നു.

സി) പ്രദേശവാസികൾക്ക് കൂടുതൽ തൊഴിലും വരുമാനവും ലഭ്യമാക്കുന്നതോടൊപ്പം ആയുർവേദ സെന്ററുകൾ, റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ, ഹൗസ് ബോട്ടുകൾ തുടങ്ങിയ സേവനദാതാക്കൾ വ്യാപകമായി നടത്തുന്ന ചൂഷണം അവസാനിപ്പിച്ച് ഈ പദ്ധതി ടൂറിസം പ്രമോഷന് പ്രയോജന പ്രദമാക്കാൻ സഹായകരമായിട്ടുണ്ടോയെന്നു വിശദമാക്കുമോ?

സി) പ്രദേശവാസികൾക്ക് കൂടുതൽ തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം വ്യവസായത്തിന് ആവശ്യമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ ഇത്തരം ഉൽപന്നങ്ങൾ ഹോട്ടലുകളുമായി ബന്ധിപ്പിക്കുന്നതിനുള്ള ശൃംഖലയും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശവാസികൾക്ക് പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ജോലി ലഭിക്കുന്നതിനു വേണ്ടി വില്ലേജ് ലൈഫ് എക്സ്പീരിയൻസ് എസ്കോർട്ട്, നാച്ചറലിസ്റ്റ് തുടങ്ങിയ മേഖലയിൽ പരിശീലനം നൽകിയിട്ടുണ്ട്. ആയുർവേദ സെന്ററുകൾ, റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ, ഹൗസ് ബോട്ടുകൾ തുടങ്ങിയവ ഉത്തരവാദിത്തത്തോടെ

പ്രവർത്തിക്കുന്നതിനും ടൂറിസ്റ്റുകളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ സ്കീം പ്രസ്തുത മേഖലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ടൂറിസം പ്രൊമോഷന് സഹായകരമായ വിധത്തിൽ ഉത്തര വാദിത്ത ടൂറിസത്തെ മാറ്റിയെടുക്കാനായിട്ടുണ്ട്. ഇന്ന് ലോക ടൂറിസം മാർക്കറ്റിൽ ഏറ്റവും അധികം കേരളത്തിന്റെ പേര് ചർച്ച ചെയ്യുന്നതിന് കാരണമായിട്ടുള്ളത് ഉത്തരവാദിത്ത ടൂറിസത്തിന് ലഭിച്ചിട്ടുള്ള അവാർഡുകളാണ്. 2013-ൽ പദ്ധതിയ്ക്ക് ലഭിച്ച "UNWTO ഉല്ലീസിസ് അവാർഡ്" കേരളത്തെ സുസ്ഥിര ടൂറിസം വികസനത്തിന്റെ മാതൃകയായി ആഗോളതലത്തിൽ പ്രതിഷ്ഠിക്കുന്നതിന് സഹായകരമായിട്ടുണ്ട്. ഇതിനു പുറമേ ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ ടൂറിസം വിപണിയിൽ ചർച്ച ചെയ്യപ്പെടുന്ന പാക്കേജുകളിലൊന്നാണ്.

സെക്ഷൻ ഓഫീസർ.

# Extract from the Report "Evaluation of Responsible Tourism Implementation in Kerala" Done by Indian Institute of Technology, Mumbai.

7.2. Conclusions and Recommendations

The problems confronted in RT implementation reflect certain larger trends in Kerala Society. The problems related to production by Kudumbasree clarify the presence of larger ailments of Kerala's agriculture like small holdings, high input costs, law relative returns, climatic uncertainties, competition from cheaper neighbouring markets and unfavourble cultural attitudes. Similarly, gender issues in RT reflect the challenges of working against the larger patriarchal trends in the society. The environmental and social concerns are also difficult areas that need much more comprehensive interventions. All these illustrate the limitations of a scheme which tried to address these issues in a project mode. Therefore, the challenges mentioned below have to be read keeping this larger perspective in mind.

1. The RT has made the industry aware of their responsibilities to the community, though participation of all could not be achieved. Creation of this awareness is the prime achievement in the concept and efforts for implementing RT.
2. The implementing exercises have evolved systems and tools. The commitments of production units, RT coordinator and Samrudhi group are vital for the success of RT at a destination. Similarly, tools like production Calendar are important inputs for successful planning in RT implementation, which saw differential success at the different destinations. Evolution of such systems and tools are to be appreciated.
3. The analysis of sales through Samrudhi shows that the attempt was to increase the number of commodities that could be supplied to the hotels and resorts. It is seen that only limited number of items could be supplied regularly that are produced locally or benefitted to the community. The supply plan will have to follow a sustainable production plan with the production calendar prepared at destination level. The following phasing is suggested.
   a. Phase 1 : Supply only those items available locally and commit only to the extent possible through local production.
   b. Phase 2 : Add more items as and when production stabilizes for such items.

4. The constitution of SLRTC is generally felt to be sufficient by the members at various levels in the destinations. But the evaluation team has found that convergence of funds from other line department schemes have to be channelled for the activities related to production, environment management and socio-cultural promotion. Some of the DLRTCs have attempted to include officers of the department of Agriculture as members. It is felt that such departments and government agencies that are able to allocate budgetary support to RT could be made partners in RT implementation at the State level itself.

5. There is a heavy dependance on kudumbasree in the implementation of RT. Though the State level leadership of Kudumbasree was confident to meet the quality and quantity demanded by the industry, both quality and quantity were a concern in all the four destinations. Learning from the experiments, the production units need to produce quality products acceptable to tourism industry. There need to be enough number of units to supply the demanded quantity. Capability to meet the quality and quantity demanded need to be in place before commencing supplies to hotels and resorts. For all these, better planning and coordination with kudumbasree with a realistic assessment of the capacities at local level is important along with the capacity building of members and adequate resource mobilisation.

6. The basic activities of RT system is simple with the production Units (farmers and Kudumbasree units) supplying to an intermediary (Samrudhi) that in turn supplying the items to the customers (hotels and resorts). However, to facilitate this, the number of agencies/actors involved is manifold with wide roles ranging from command, control, regulation to facilitation. The system needs to be simplified with role clarity and responsibilities of stakeholders defined.

7. The need of a coordinator at the destination level is very much felt for an extended period until the activities get stabilised. The coordinator is to act as the main link between the industry and the intermediary supplying agency like Samrudhi. The District Tourism Office or DTPC should be given responsibility to oversee the work of the coordinator and also liaison with the line departments and LSGs. Some careful discussion on the new structure including that mentioned in point 6 has to be discussed in detail.

8. It is important that the industry and the society are aware of the RT concepts. This can be achieved only through frequent interaction and knowledge upgradation with tourism industry and tourism academics. KITTS could be identified as the agency to mastermind this activity.

9. As such, there is little recognition and hence incentive for industry to participate in RT implementation from the point of enhancing their business. The certification process under consideration by the Tourism Department will be a step towards this.

10. To encourage the industry to contribute to the local community, they may be allowed to charge the guests an amount equivalent to the cost of their participation in RT. If the industry is to pay more for the organic products, the additional cost may be charged separately. This part of the cost may be exempted from tax. If the industry desires, the additional charges for RT could be exempted and shown as their contribution to the society and one should expect this to happen. But before implementing this, there has to be a mechanism to assess the amount that could be charged to the guests (may be in terms of points earned),. Employing local residents can also be seen in such perspective. Conscious opportunities given to women and respecting their status in the work place have to be ensured.

11. Media has a role in disseminating the concept of RT. There has to be proper liaison with the media by the coordinator at the destination by constantly updating the RT related developments and events in the destination.

Sandhya

സെക്ഷൻ ഓഫീസർ.